# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3733 25.06.2013-ൽ മറുപടിക്ക്

**കെ.എസ്.എഫ്.ഇ. സഹകരണ സംഘത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ഏതെങ്കിലും സഹകരണ സംഘത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 777 ൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. സംഘത്തിലെ താൽക്കാലിക ജീവനക്കാരൻ സംഘത്തിൽ പണാപഹരണവും ക്രമക്കേടും നടത്തിയിട്ടുള്ളതായി സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ രേഖാമൂലം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സംഘത്തിൽ കേരള സഹകരണ നിയമം 66 പ്രകാരമുള്ള അന്വേഷണം നടത്തിവരുന്നു. |
| (ബി) ആരെയൊക്കെയാണ് പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ട് നടപടി സ്വീകരിച്ചിട്ടുള്ളത് ; ഓരോരുത്തരുടേയും തസ്തിക തിരിച്ച് വ്യക്തമാക്കുമോ ; | (ബി) കേരള സഹകരണ നിയമത്തിലെ ചട്ടം 47 (ഡി) പ്രകാരം സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകളുടെ പ്രാഥമിക ഉത്തരവാദിത്വം ഭരണസമിതിയ്ക്കാണ്. കെ.എസ്.എഫ്.ഇ എംപ്ലോയീസ് സഹകരണ സംഘത്തിലെ ഭരണസമിതി അംഗങ്ങൾ കെ.എസ്.എഫ്.ഇ ജീവനക്കാരാണെന്ന സാഹചര്യത്തിൽ ക്രമക്കേടുകൾക്ക് പ്രഥമദൃശ്യാ കുറ്റക്കാരെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ ചുവടെ |

പരാമർശിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ പോലീസിൽ അന്യായം ഫയൽ ചെയ്തിട്ടുണ്ട്.

1. എസ്. മോഹൻ കുമാർ, മുൻ സെക്രട്ടറി (2002-2007), കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം അസിസ്റ്റന്റ് മാനേജർ, കെ.എസ്.എഫ്.ഇ ഈവനിംഗ് കൗണ്ടർ, നെടുമങ്ങാട്.
2. രാമകൃഷ്ണൻ, മുൻ പ്രസിഡന്റ് (2002-2007) കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം, (2008 ൽ റിട്ടയർ ചെയ്തു), ആര്യശാല, തിരുവനന്തപുരം.
3. എസ്. ഗിരീഷ് കുമാർ, മുൻ പ്രസിഡന്റ് (2007-2012), കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം (ക്ലിപ്തം), മാനേജർ, കെ.എസ്.എഫ്.ഇ, പാരിപ്പള്ളി ബ്രാഞ്ച്.
4. എം. പത്മകുമാർ, മുൻ സെക്രട്ടറി (2007-2012), കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം, പാലോട് ബ്രാഞ്ച്.
5. അരുൺ ബോസ്. എസ്, പ്രസിഡന്റ്, കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം.
6. ഷുബി അലി. എം, സെക്രട്ടറി, കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം.
7. എസ്. രവിശങ്കർ, താൽക്കാലിക ജീവനക്കാരൻ, കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം, വാഴവറ വീട്, വാലഞ്ചേരി ദേശം, കിളിമാനൂർ.
8. വി. അമ്പിളി, താൽക്കാലിക ജീവനക്കാരി, കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം, ആദിത്യ, മരുതൂർ, വട്ടപ്പാറ പി.ഒ.

(സി) ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിന് സഹകരണ മേഖലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(സി) സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക്

സഹകരണ സംഘം രജിസ്ട്രാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ ദിവസ വേതനത്തിലും താൽക്കാലിക അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനം അവസാനിപ്പിക്കേണ്ടതും സ്ഥിരജീവനക്കാരില്ലാതെയും പണമിടപാടുകൾ നടത്തുന്നതിന് സംവിധാനമില്ലാതെയും നിക്ഷേപം സ്വീകരിക്കുകയോ, വായ്പാ ഇടപാടുകൾ നടത്തുകയോ, ചെയ്യാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ജീവനക്കാരുടെ ആവശ്യങ്ങൾക്കുപരി സ്വർണ്ണപ്പണയം, ദിവസപ്പിരിവ് തുടങ്ങിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് യാതൊരു കാരണവശാലും ബൈലാ അംഗീകരിച്ച് നൽകരുതെന്നും സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തിയും സുരക്ഷ ഉറപ്പാക്കിയും മാത്രമേ ടി വ്യവസ്ഥ അംഗീകരിയ്ക്കാവൂ എന്നും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**